പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1096

12.3.2015 ലെ മറുപടിയ്ക്ക്

അധ്യാപക പാക്കേജും അധ്യാപക ബാങ്കും

| | ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അധ്യാപകപാക്കേജും അധ്യാപക ബാങ്കും നടപ്പിലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ ; | (എ) യും (ബി) യും | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും, വിവിധ കാരണങ്ങളാൽ നിയമനാംഗീകാരവും, ശമ്പളവുമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 01.06.2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവ് മൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 1.10.2011 ലെ സ.ഉ.(പി) നം.199/11/പൊവിവ പ്രകാരം അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു.<br>അധ്യാപകപാക്കേജിന്റെ ഭാഗമായി അധ്യാപക ബാങ്ക് രൂപീകരിച്ചുകൊണ്ട് 23.12.2014 ൽ സ.ഉ(പി) നം. 278/14/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) യും (ഡി) യും | 15.1.2015 ലെ WP(c) 30107/13 ഉം അനുബന്ധകേസുകളിലെ പൊതുവായ ഹൈക്കോടതി വിധിപ്രകാരം അധ്യാപകപാക്കേജ് ഉത്തരവുകളും തസ്തികനിർണ്ണയ മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ അനുബന്ധ ഉത്തരവുകളും റദ്ദ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോടതിവിധിയെ തുടർന്ന് അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകുന്നതിനായി ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.2.2015 ന് അഡീഷണൽ അഡ്വക്കേറ്റ് ജനറലുമായി ഒരു ചർച്ച നടത്തുകയും തുടർന്ന് വിധിക്കെതിരെ അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പാക്കേജിന്റെ ഭാഗമായി നിയമനാംഗീകാരം ലഭിച്ചവർക്ക് ജോലി സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി കൂടിയാണ് അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ